Expats Living in Kochi Featured in Malayala Manorama

By: P. Kishore | Date: July 7, 2015 | Proceed to page 2 for the English Translation.




● പേര്: ജന്നിഫർ കുമാർ ● സ്വദേശം: റോച്ചസ്റ്റർ, അമേരിക്ക ● ജോലി: മാനേജിങ് ഡയറക്ടർ, ഓതന്റിക് ജേർണീസ്, ഇൻഫോ പാർക്ക്

# കാറോടിക്കാൻ വയ്യ

കഴുത്തിൽ നോക്കിയാൽത്തന്നെ ആർക്കും മനസിലാകും ഈ മദാമ്മ മലയാളിയെ കല്യാണം കഴിച്ചതാണെന്ന്. കഴുത്തിലൊരു ചെറിയ സ്വർണ താലിമാല. കഴുത്തിൽ തൂക്കിയ ടാഗിൽ പേര് ജന്നിഫർ കുമാർ.

അമേരിക്കയിൽ ന്യൂയോർക്കിനടുത്തുള്ള റോച്ചസ്റ്ററിൽ നിന്നാണു ജന്നിഫറിന്റെ വരവ്. ഇൻഫോപാർക്കിലാണു ജന്നിഫർ എംഡിയായ കമ്പനി ഓതന്റിക് ജേർണീസ് പ്രവർത്തിക്കുന്നതെങ്കിലും കമ്പനി ഐടിയിലല്ല, സാംസ്കാരിക രംഗത്താണ്. അതായത് അമേരിക്കയിലും യൂറോപ്പിലും ഓസ്ട്രേലിയയിലും കാനഡയിലും മറ്റും നിന്നു സായിപ്പ് ഇവിടെ വന്ന് ഓൺസൈറ്റ് ടെക്കികളെ കാണുമ്പോഴും ഇവിടെ നിന്നു ടെക്കികൾ അവിടങ്ങളിലേക്ക് ഓഫ്സൈറ്റ് ജോലിക്കു പോകുമ്പോഴും ശ്രദ്ധിച്ചിരിക്കേണ്ട പെരുമാറ്റ രീതികളും മര്യാദകളും ഭാഷാ പ്രയോഗങ്ങളും മറ്റുമാണു ജന്നിഫർ പഠിപ്പിക്കുന്നത്. കൊച്ചിയിൽ വന്നിട്ടു നാലു വർഷമേ ആയിട്ടുള്ളു എങ്കിലും മദാമ്മ ഏതാണ്ടു പുല്ലേപ്പടിക്കാരിയായ പോലെയാണ്. ഭക്ഷണത്തിലെ ഇഷ്ടങ്ങൾ കേട്ടാൽ പീറ്റ്സയും ബർഗറും തിന്നു നടക്കുന്ന കൊച്ചിയിലെ നാടൻ മദാമ്മമാർ പോലും കറങ്ങിപ്പോകും. ജന്നിഫറിനു കഞ്ഞിയും പയറുമാണിഷ്ടം. ചോറും സാമ്പാറും വയ്ക്കാനറിയാം. നാടൻ ചായക്കടകളിൽ പോയി ചോറും മീൻകറിയും തിന്നും.

ഇവിടുത്തെ റോഡിനെയും കൊതുകിനെയും കുറിച്ചു ചോദിച്ചു മദാമ്മയിൽ നിന്നു കൊച്ചിയെക്കുറിച്ചു മോശമായെന്തെങ്കിലും കേൾക്കാമെന്നു വിചാരിച്ചാലും നടപ്പില്ല. കൊതുക് ജന്നിഫറിനെ ഉപദ്രവിക്കാറില്ലത്രെ. ഭർത്താവിനെയാണ് (പേരും ഊരും പറയേണ്ടെന്നാണ്. കൃഷ്ണ എന്നു മാത്രം പറയാം.) കൊതുകുകൾക്കു കൂടുതലിഷ്ടം.

## കൊള്ളാം

കാലാവസ്ഥ. പ്രത്യേകിച്ചു മഴക്കാലം.

സ്നേഹമുള്ള നാട്ടുകാരും ബന്ധുക്കളും.

## അയ്യേ !

കൊച്ചിയിൽ കാറോടിക്കാൻ കഴിയില്ല. ഏതൊക്കെ ദിശയിൽ നിന്ന് ഏതെല്ലാം വാഹനങ്ങൾ വന്നു കേറുമെന്നു പറയാനൊക്കില്ല. ആരു കുറുകേ ചാടുമെന്നോ ഏത് ഓട്ടോ എപ്പോൾ വെട്ടിത്തിരിക്കുമെന്നോ അറിയാൻ വയ്യ. ഇന്റർനെറ്റ് സേവനത്തിനു ക്വാളിറ്റി ഇല്ല, സ്പീഡില്ല. ത്രീ ജി എന്നു പറയുന്നതല്ലാതെ അനുഭവത്തിലില്ല. വൈ ഫൈ ഉണ്ടെന്നു പറഞ്ഞാലും കിട്ടാൻ പ്രയാസം. സഹിക്കാൻ പറ്റാത്ത കാര്യം-ഗാർബേജ്-ചവറ്. എവിടെ നോക്കിയാലും ചവറുമാത്രം. അതൊന്നു നേരേ ആക്കിയെങ്കിൽ!

Malayalam Manorama, Kerala, July 7, 2015

Learn More at: www.authenticjourneys.info

Expats Living in Kochi Featured in Malayala Manorama
By: P. Kishore | Date: July 7, 2015 | Proceed to page 2 for the English Translation.

Unable to Drive Cars (Title)
One look at her neck and you will realize that this foreigner is married to a Keralite from the small gold chain dangling there. Her name tag spells Jennifer Kumar. She hails from Rochester, a place near New York in America. Although the company Authentic Journeys of which she is the MD off is in Infopark – it is not an IT company but related to promoting social etiquettes. The company is focused in helping foreigners from places like America, Australia & Canada who visit India to meet their counterparts and vice versa to be aware of the cultural norms, behaviors, manners and conversation techniques of that region. Although she has only been here for 4.5 years she has already become a seasoned resident of Pullepady. If you ask her favorite cuisine, even the new generation girls of Cochi who prefer burgers & pizza would have to hang their heads in shame as she prefers Kanji & Payaru. She knows how to prepare Kerala rice & Sambar and also likes to visit small tea shops to have rice and fish curry. If you ask this foreign lady a question about the roads & mosquitoes of Cochin expecting a negative answer, you will surely be disappointed. It seems the mosquitoes here don't harm her at all. They like her husband Krishna more (Name and place suppressed for confidentiality)

(Excuse any grammar or language mistakes in the translation. Translation provided by the Friends of Authentic Journeys.)

To learn more about training programs to bridge the cultural gap when working offshore with American teams, visit our website at www.authenticjourneys.info or contact us through the website today!

Thank you for your interest.